2025 OCTOBER
07
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## പലിശ മാത്രമടച്ച് ഇനി പുതുക്കാനാവില്ല

# സ്വർണപ്പണയത്തിൽ നിലപാട് കടുപ്പിച്ച് റിസർവ് ബാങ്ക്

**കൊച്ചി:** സ്വർണപ്പണയ വായ്പയിൽ വീണ്ടും നിലപാട് കടുപ്പിച്ച് റിസർവ് ബാങ്ക്. പലിശ മാത്രം അടച്ച് വായ്പ പുതുക്കുന്ന രീതി ഇനി അനുവദിക്കില്ല. ഇത്തരത്തിൽ നിരവധി മാറ്റങ്ങളാണ് റിസർവ് ബാങ്ക് കൊണ്ടുവന്നത്. കഴിഞ്ഞ ജൂണിൽ ആർബിഐ അവതരിപ്പിച്ച കരട് നിർദേശത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തിയാണ് പുതിയ മാറ്റങ്ങൾ കൊണ്ടു വന്നിട്ടുള്ളത്.

എന്നാൽ സ്വർണ വായ്പ തിരിച്ചടവിൽ ആർബിഐ കൊണ്ടുവന്നിട്ടുള്ള പുതിയ മാറ്റങ്ങളറിയുന്നത് വില ഉയർന്ന് നിൽക്കുന്ന വേളയിൽ സ്വർണം നഷ്ടമാകാതിരിക്കാൻ സഹായിക്കും. എന്നാലിത് എല്ലാ സ്വർണ വായ്പയ്ക്കും ബാധകമല്ല. കൃത്യമായി പലിശ അടച്ചു കൊണ്ടിരിക്കുന്നവർ ഇതിന്റെ പരിധിയിൽ വരില്ല. മൂന്നു മാസം വായ്പ അടയ്ക്കാതെ കിട്ടാക്കടമായി മാറിയവർക്കാണ് ഇത് ബാധകമാകുക. ഇത്തരക്കാർക്ക് ബാക്കി പലിശ അടച്ചു തീർത്ത് കിട്ടാക്കട പരിധിയിൽ നിന്ന് പുറത്ത് വരാനായില്ലെങ്കിൽ ഇനി സ്വർണവായ്പ പുതുക്കി വയ്ക്കാനാകില്ല.



വായ്പ എടുത്തവർ മുതലും പലിശയുമടക്കം മുഴുവൻ തുകയും അടച്ചു തീർത്താൽ മാത്രമേ സ്വർണപ്പണയം പുതുക്കി വയ്ക്കാനാകൂ എന്നാണ് ആർബിഐ നൽകിയിട്ടുള്ള നിർദേശം. അതുപോലെ കാർഷിക സ്വർണ വായ്പ പോലെയുള്ള സബ്സിഡി ആനുകൂല്യങ്ങളോടെ സ്വർണ വായ്പ എടുത്തിട്ടുള്ളവർ കിട്ടാക്കടമായാൽ, വായ്പാ കാലാവധിയ്ക്കുള്ളിൽ തന്നെ മുഴുവൻ തുകയും അടച്ചു തീർത്താലേ പണയം പുതുക്കി വയ്ക്കാനും പലിശയുടെ ആനുകൂല്യം കിട്ടാനും സാധിക്കൂ. വായ്പ കാലാവധി കഴിഞ്ഞാൽ ആനുകൂല്യം ലഭിക്കില്ല. ഇത്തരത്തിൽ സ്വർണ വായ്പ കിട്ടാക്കടമായിട്ടുണ്ടെങ്കിൽ അവർക്ക് പിന്നീട് വേറെ വായ്പ നൽകേണ്ടതില്ല എന്നാണ് ബാങ്കുകളുടെ നിലപാട്.

പണ്ട് പണയം വച്ചാൽ പിന്നീട് അത് തിരിച്ചടയ്ക്കാൻ ചെല്ലുമ്പോഴാണ് പലപ്പോഴും സ്വർണ വായ്പ പലിശ അടച്ചിരുന്നതെങ്കിൽ ഇപ്പോൾ ആ രീതി മാറിയിട്ടുണ്ട്. വായ്പ എടുക്കുന്ന വേളയിൽ തന്നെ സ്വർണത്തിന്റെ മൂല്യത്തിനനുസരിച്ച് എത്ര തുകയ്ക്കുള്ള വായ്പയാണ് വേണ്ടതെന്ന് ബാങ്കുകൾ ഇടപാടുകാരോട് ചോദിക്കാറുണ്ട്.

രണ്ടര ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് എൽടിവി 85 ശതമാനം ആയിരിക്കും. അതായത് സ്വർണ മൂല്യത്തിന്റെ 85 ശതമാനം വരെ വായ്പ അനുവദിക്കാം. രണ്ടര മുതൽ അഞ്ച് ലക്ഷം വരെയാണ് വായ്പയെങ്കിൽ എൽടിവി പരിധി 80 ശതമാനമാണ്. അതിനു മുകളിലാണ് വായ്പയെങ്കിൽ എൽ ടിവി പരിധി 75 ശതമാനമായിരിക്കും. എൽടിവി കൂടിയ തുകയ്ക്കുള്ള വായ്പയാണ് എടുക്കുന്നതെങ്കിൽ പലിശ കൃത്യമായി അടയ്ക്കണമെന്ന നിബന്ധന ബാങ്കുകൾ വയ്ക്കാറുണ്ട്. അവസാനം പലിശത്തുക ഒരുമിച്ചടയ്ക്കുന്ന ബുള്ളറ്റ് വായ്പകളും മുതലും പലിശയും ഒരു വർഷത്തിനുള്ളിൽ തന്നെ അടച്ചു തീർക്കണമെന്നതു നിർബന്ധമാക്കി. വായ്പ എടുക്കുന്ന വേളയിൽ തന്നെ ഇത് ബാങ്കുകൾ ഇടപാടുകാരുമായി ചോദിച്ച് ഉറപ്പിക്കാറുണ്ട്.

ബാങ്കുകളും സ്വർണവായ്പയുടെ കാര്യത്തിൽ ചില കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതുണ്ട്. വായ്പ മുഴുവനും അടച്ചു തീർത്ത പണയ ഉരുപ്പടി അന്നുതന്നെ അല്ലെങ്കിൽ പരമാവധി 7 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ മടക്കി നൽകണം.

അതിൽ കൂടുതൽ ദിവസങ്ങൾ വൈകിയാൽ ഓരോ ദിവസത്തിനും 5000 രൂപ വീതം പിഴ നൽകണമെന്ന് ആർബിഐ പറയുന്നു. ഇതിനു പുറമേ ഈട്, അതിന്റെ മൂല്യ നിർണയരീതി, ലേല വ്യവസ്ഥകൾ എന്തെല്ലാം, സ്വർണം മടക്കി നൽകുന്നതിനുള്ള സമയപരിധി ഇക്കാര്യങ്ങൾ ഇടപാടുകാരന് നൽകുന്ന വായ്പാകരാറിൽ വ്യക്തമാക്കിയിരിക്കണം. സ്വർണത്തിന്റെ മൂല്യം മാത്രമേ വായ്പയ്ക്കായി പരിഗണിക്കൂ.

ലേലം ചെയ്യുന്നതിനു മുമ്പ് പണയം വച്ചയാൾക്ക് വിശദമായ അറിയിപ്പ് നൽകണം. ലേലത്തിൽ കിട്ടുന്ന അധിക തുക ഇയാൾക്ക് 7 ദിവസത്തിനുള്ളിൽ നൽകണം. ഈ വിശദാംശങ്ങളെല്ലാം വായ്പ എടുത്ത ആൾക്ക് മനസിലാകുന്ന ഭാഷയിൽ തയാറാക്കി നൽകുകയും വേണം.

## ജോയ്ആലുക്കാസ് പുതിയ ബ്രാൻഡ് അംബാസഡറായി സമന്താ റൂത്ത് പ്രഭു



**കൊച്ചി:** ലോകോത്തര ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസ് ദക്ഷിണേന്ത്യൻ സിനിമാ താരം സമന്താ റൂത്ത് പ്രഭുവിനെ പുതിയ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. സിനിമാ രംഗത്ത് നിരവധി അവാർഡുകൾ കരസ്ഥമാക്കിയ പ്രേക്ഷകരുടെ പ്രീയങ്കരിയായ നായിക ഇനി മുതൽ ജോയ്ആലുക്കാസിന്റെ കാലാതീതമായ ഡിസൈനുകളെയും അന്താരാഷ്ട്ര തലത്തിൽ കൈവരിച്ച കലാപാരമ്പര്യത്തെയും പ്രതിനിധീകരിക്കും.

ആത്മവിശ്വാസവും സ്റ്റൈലും വ്യത്യസ്തമായ വ്യക്തിത്വവുമുള്ള ആധുനിക വനിതയെ പ്രതിനിധീകരിക്കുന്ന വ്യക്തിത്വമാണ് സമന്താ. ജീവിതത്തിലെ അമൂല്യ നിമിഷങ്ങളെ ആഭരണങ്ങളിലൂടെ ആഘോഷിക്കണമെന്ന ഞങ്ങളുടെ ദൗത്യത്തോട് പൂർണമായും പൊരുത്തപ്പെടുന്നുവെന്നും, ലോകമെമ്പാടുമുള്ള ആഭരണപ്രേമികളെ പ്രചോദിപ്പിക്കുന്നതിനായി അവരെ ജോയ്ആലുക്കാസ് കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുന്നതിൽ അഭിമാനമുണ്ടെന്ന് ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ഡോ. ജോയ് ആലുക്കാസ് പറഞ്ഞു.

'ആഭരണം എന്നത് എപ്പോഴും എന്റെ വ്യക്തിത്വത്തിന്റെ പ്രതിഫലനം ആണെന്നും, ഓരോ ആഭരണത്തിനും ഒരു വികാരത്തിന്റെ, ആഘോഷത്തിന്റെ, കരുത്തിന്റെ കഥയുണ്ടെന്നും, ജോയ്ആലുക്കാസ് ഇവയെല്ലാം പ്രതിനിധീകരിക്കുന്നതാണ്. സൗന്ദര്യത്തിനൊപ്പം ആത്മാർത്ഥതയും പ്രചോദനവും ആഘോഷിക്കുന്ന ഒരു ബ്രാൻഡിനൊപ്പം പ്രവർത്തിക്കാൻ കഴിയുന്നതിൽ ഞാൻ അതിയായ സന്തോഷവതിയാണ്." സാമന്ത പ്രഭു പ്രതികരിച്ചു.

സാമന്തയെ മുഖ്യകഥാപാത്രമാക്കി ഒരുങ്ങുന്ന ഗ്ലോബൽ ക്യാമ്പയിനിലൂടെ, ജോയ്ആലുക്കാസിന്റെ സമ്പന്നമായ ഡിസൈൻ പാരമ്പര്യം ലോകമെമ്പാടുമുള്ള വിപണികളിലും സംസ്കാരങ്ങളിലും കൂടുതൽ ഉയർത്തിക്കാട്ടാനാണ് കമ്പനി തയ്യാറെടുക്കുന്നത്. നേരത്തെ പ്രശസ്ത നടി കാജോൾ ബ്രാൻഡിനെ പ്രതിനിധീകരിച്ചുവരുന്നുണ്ട്. ഇനിമുതൽ ജോയ്ആലുക്കാസിന്റെ രണ്ട് ആഗോള ഐക്കണുകൾ സാമന്തയും കാജോളും ആയിരിക്കുമെന്നും കമ്പനി വ്യക്തമാക്കി.

## വിദേശ നിക്ഷേപകർ സെപ്റ്റംബറിൽ പിൻവലിച്ചത് 23,885 കോടി രൂപ

**മുംബൈ:** സെപ്റ്റംബറിൽ ഇന്ത്യൻ ഓഹരിവിപണിയിൽ വിദേശ നിക്ഷേപകർ (ഫോറിൻ പോർട്ട്ഫോളിയോ ഇൻവെസ്റ്റേഴ്സ്) വില്പനക്കാരായി. സെപ്റ്റംബറിൽ 23,885 കോടി രൂപയുടെ നിക്ഷേപമാണ് പിൻവലിച്ചത്. വിദേശ നിക്ഷേപകർ ഈ വർഷം ഇതുവരെ 1.58 ലക്ഷം കോടി രൂപയുടെ പിൻവലിക്കലാണ് നടത്തിയതെന്ന് എക്സ്ചേഞ്ച് കണക്കുകൾ കാണിക്കുന്നു.

എഫ്പിഐകൾ വിൽപ്പനക്കാരാകുന്ന തുടർച്ചയായ മൂന്നാം മാസമാണ്. ജൂലൈയിൽ 17,700 കോടി രൂപയുടെയും ഓഗസ്റ്റിൽ 34,990 കോടി രൂപയുടെയും നിക്ഷേപമാണ് പിൻവലിച്ചത്.

വിവിധ കാരണങ്ങളെത്തുടർന്നാണ് നിലവിലെ വില്പന ശക്തമാക്കിയതെന്നാണ് വിപണി വിദഗ്ധർ അഭിപ്രായപ്പെടുന്നത്. യുഎസിന്റെ വ്യാപാര, നയ തീരുമാനങ്ങളാണ് വിപണിക്ക് തിരിച്ചടിയായത്.

ഇന്ത്യൻ ഇറക്കുമതി സാധനങ്ങൾക്ക് ട്രംപ് ഭരണകൂടം ഏർപ്പെടുത്തിയ 50 ശതമാനം തീരുവ, എച്ച് 1ബി വീസയ്ക്ക് 1,00,000 ഡോളർ ഫീസ് ഏർപ്പെടുത്തിയത് തുടങ്ങിയ കയറ്റുമതി അധിഷ്ഠിത മേഖലകളെ പ്രത്യേകിച്ച് ഐടി മേഖലകളെ ബാധിച്ചു.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 9%*
വാർഷിക പലിശ
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

## വൈദ്യശാസ്ത്ര നൊബേൽ 3 പേർക്ക്; പുരസ്കാരം രോഗപ്രതിരോധശേഷിയുമായി ബന്ധപ്പെട്ട ഗവേഷണത്തിന്

**സ്റ്റോക്കോം:** 2025ലെ വൈദ്യശാസ്ത്ര നൊബേൽ മൂന്നു പേർക്ക്. മേരി ഇ.ബ്രോങ്കോവ്, ഫ്രെഡ് റാംസ്ഡെൽ, ഷിമോൺ സഗാഗുച്ചി എന്നിവർക്കാണ് നൊബേൽ ലഭിച്ചത്. രോഗപ്രതിരോധ സംവിധാനം എങ്ങനെ നിയന്ത്രിക്കപ്പെടുന്നു എന്നായിരുന്നു അവരുടെ കണ്ടെത്തൽ. ശരീരത്തിന്റെ ശക്തമായ രോഗപ്രതിരോധ സംവിധാനം നിയന്ത്രിക്കപ്പെടേണ്ടതുണ്ട്, അല്ലെങ്കിൽ അതു നമ്മുടെ സ്വന്തം അവയവങ്ങളെ ആക്രമിച്ചേക്കാം.

ശരീരത്തെ ദോഷകരമായി ബാധിക്കുന്നതിൽനിന്നു രോഗപ്രതിരോധ സംവിധാനത്തെ തടയുന്ന പെരിഫറൽ ഇമ്യൂൺ ടോളറൻസ് സംബന്ധിച്ച വഴിത്തിരിവായ കണ്ടെത്തലുകൾക്കാണ് മേരി ഇ. ബ്രങ്കോ, ഫ്രെഡ് റാംസ്ഡെൽ, ഷിമോൺ സകാഗുചി എന്നിവർക്കു പുരസ്കാരം ലഭിച്ചത്.ഓരോ ദിവസവും നമ്മുടെ ശരീരത്തിൽ കടന്നുകയറാൻ ശ്രമിക്കുന്ന ആയിരക്കണക്കിനു വ്യത്യസ്ത സൂക്ഷ്മാണുക്കളിൽനിന്നു പ്രതിരോധ സംവിധാനമാണു നമ്മെ സംരക്ഷിക്കുന്നത്. ഇവയ്ക്കെല്ലാം വ്യത്യസ്ത രൂപങ്ങളാണുള്ളത്. കൂടാതെ പലതും ഒളിച്ചിരിക്കാനായി മനുഷ്യകോശങ്ങളുമായി സാമ്യം ഉണ്ടാക്കിയെടുത്തിട്ടുണ്ട്. അങ്ങനെയിരിക്കെ എന്തിനെ ആക്രമിക്കണം, എന്തിനെ സംരക്ഷിക്കണം എന്നു പ്രതിരോധ സംവിധാനം എങ്ങനെയാണു തിരിച്ചറിയുന്നത് എന്നാണ് സംഘം പഠിച്ചത്.




# അഞ്ച് സെറ്റ് പോരിൽ ഗോവ ഗാർഡിയൻസിനെ വീഴ്ത്തി കൊച്ചി ബ്ലൂ സ്പൈക്കേഴ്സിന് ആദ്യ ജയം

**ഹൈദരാബാദ്:** ആർ.ആർ കാബെൽ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ സ്കാപ്പിയയുടെ നാലാം സീസണിൽ ഞായറാഴ്ച നടന്ന രണ്ടാം കളിയിൽ കൊച്ചി ബ്ലൂ സ്പൈക്കേഴ്സിന് തകർപ്പൻ ജയം. ഗോവ ഗാർഡിയൻസിനെ അഞ്ച് സെറ്റ് പോരാട്ടത്തിൽ തോൽപ്പിച്ചു. സ്കോർ: 11-15, 17-15, 15-13, 10-15, 15-10.

ആദ്യ കളിയിൽ തോറ്റ കൊച്ചിയുടെ തിരിച്ചുവരവായി ഇത്. പട്ടികയിൽ രണ്ടാമതുമെത്തി. ഗോവയുടെ തുടർച്ചയായ രണ്ടാം തോൽവിയാണ്. കൊച്ചിയുടെ ഹേമന്താണ് കളിയിലെ താരം.

സൂപ്പർ സെർവിലൂടെ ഗോവ ക്യാപ്റ്റൻ ചിരാഗ് യാദവ് മികച്ച തുടക്കം നൽകിയതാണ്. മറുവശത്ത് കളത്തിൽ പ്രകമ്പനം തീർത്ത് കൊച്ചി ക്യാപ്റ്റൻ എറിൻ വർഗീസും നിന്നു. ഒടുവിൽ സൂപ്പർ പോയിന്റ് അവസരം ഉപയോഗിക്കാനുള്ള ഗോവയുടെ തീരുമാനം കൃത്യമായി. എറിന്റെ സെർവീസ് പിഴവിലാണ് പോയിന്റ് കിട്ടിയത്. കൊച്ചിക്കായി അമരീന്ദർപാൽ സിങ് കളത്തിന് നടുവിൽവച്ച് ആക്രമണം നടത്തി. ഹേമന്ത് സെർവുകൾ കൊണ്ടും തീ പടർത്തി. കൊച്ചി ക്യാപ്റ്റൻ ബൈറൺ കെറ്റുറാകിസ് അമരീന്ദറുമായി ചേർന്ന് ബ്ലോക്കുണ്ടാക്കി ചിരാഗിന്റെ ആക്രമണങ്ങളെ തടഞ്ഞു. ആ തന്ത്രം ഫലപ്രദമാകുകയും ചെയ്തു.

എറിൻ ആത്മവിശ്വാസത്തോടെ ആക്രമണം നടത്തി. കൊച്ചി നിയന്ത്രണംനേടാൻ തുടങ്ങി. പ്രിൻസിന്റെ സെർവ്പാളിയതോടെ ഗോവയുടെ സൂപ്പർ പോയിന്റ് നഷ്ടമായി. പിന്നിലായതോടെ രോഹിതിന്റെ കരുത്തുറ്റ സെർവുകളിലൂടെ ഗോവ തിരിച്ചുവരാൻ ശ്രമിച്ചു. പകരക്കാരൻ വിക്രം ആക്രമണത്തിലും പ്രതിരോധത്തിലും തിളങ്ങിയതോടെ കളി അഞ്ചാം സെറ്റിലേക്ക് നീണ്ടു.

ലിബെറോ അലൻ ആഷിക്കിന്റെ കിടിലൻ സേവുകൾ കൊച്ചി നിർണായക പോയിന്റുകൾ അഞ്ചാം സെറ്റിൽ നൽകി. ഹേമന്ത് എല്ലാ മേഖലയിലും മിന്നി. എറിന്റെ മികച്ച റിവ്യൂ തീരുമാനം കൊച്ചിക്ക് നിർണായകമായ സൂപ്പർ പോയിന്റ് നൽകി. അവിസ്മരണീയമായ 3-2ന്റെ ജയം കൊച്ചിക്ക് ലഭിക്കുകയും ചെയ്തു.

# സെന്റ് അഗസ്റ്റിൻസ് ജിഎച്ച്എസ്എസ് രജത ജൂബിലി ആഘോഷങ്ങൾ സമാപിച്ചു

**മൂവാറ്റുപുഴ:** സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ഒരു വർഷം നീണ്ടുനിന്ന രജത ജൂബിലി ആഘോഷങ്ങൾ സമാപിച്ചു. മാത്യു കുഴൽനാടൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. സ്കൂൾ അലുമ്നി അസോസിയേഷന്റെ പദ്ധതികളായ തണലിൻറെ ഭാഗമായി പണിതീർത്ത വീടിന്റെ താക്കോൽ കൈമാറി. കൈത്താങ്ങ് എന്ന പേരിൽ ഭവന നിർമാണ സഹായ പദ്ധതിയുടെയും ഉപരിപഠന സ്കോളർഷിപ്പിന്റെയും ഉദ്ഘാടനവും ചടങ്ങിൽ നിർവഹിച്ചു.

പാവനാത്മ എഡ്യൂക്കേഷൻ കോർപറേറ്റ് എഡ്യൂക്കേഷൻ കൗൺസിലർ സിസ്റ്റർ ഗ്ലോറി അധ്യക്ഷത വഹിച്ചു. സമ്മേളനത്തിൽ സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ റാണിറ്റ്, മൂവാറ്റുപുഴ ഹോളി മാഗി ഫോറോന പള്ളി വികാരി ഫാ. മാനുവൽ പിച്ചളക്കാട്ട്, നിർമല ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ഫാ. പോൾ ഇടതൊട്ടി,വിവിധ സംഘടനകളുടെ രൂപത ഡയറക്ടർ ഫാ. മാത്യു രാമനാട്ട്, വാർഡംഗം ജിനു മടയ്ക്കൽ, സ്കൂൾ പ്രധാനാധ്യാപിക സിസ്റ്റർ ആനീസ് മരിയ, മുൻ പ്രിൻസിപ്പൽ സിസ്റ്റർ ജ്യോതി മരിയ, പിടിഎ പ്രസിഡൻറ് ജേക്കബ് ഇരമംഗലത്ത്, ജൂബിലി ജോയിൻറ് കൺവീനർ സിസ്റ്റർ വിനീത, ജൂബിലി കൺവീനർ കല കുരുവിള എന്നിവർ പ്രസംഗിച്ചു.




ഐ.എം.എ കൊച്ചിയുടെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങ് ഐ.എം.എ ഹൗസിൽ കെ.എം.ആർ.എൽ എം.ഡി. ലോക്നാഥ് ബഹ്റ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ബൻസീർ ഹുസൈൻ, ഡോ. ജേക്കബ് എബ്രാഹം, ഡോ. അതുൽ ജോസഫ് മാനുവൽ, ഡോ. സച്ചിതാനന്ദ കമ്മത്ത്, ഡോ. വി.പി.കുരെയ്പ്പ്, ഡോ. സച്ചിൻ സുരേഷ്, ഡോ. നാരയണൻ കുട്ടി, ഡോ.ജുനൈദ് റഹ്മാൻ, ഡോ. നന്ദിനി നായർ, ഡോ. സണ്ണി പി.ഓരത്തേൽ എന്നിവർ സമീപം.

# ഐ.എം.എ കൊച്ചി: പുതിയ ഭാരവാഹികൾ ചുമതലയേറ്റു

**കൊച്ചി:** പാലിയേറ്റീവ് കെയർ രംഗത്ത് കേരളം നടത്തുന്നത് വിലമതിക്കാനാവാത്ത പ്രവർത്തനങ്ങളാണെന്ന് കെ.എം.ആർ.എൽ മാനേജിംഗ് ഡയറക്ടറും മുൻ ഡിജിപിയുമായ ലോക്നാഥ് ബഹ്റ പറഞ്ഞു. ഐ.എം.എ കൊച്ചിയുടെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണ സമ്മേളനം ഐ.എം.എ ഹൗസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഐ.എം.എയുടെ പ്രവർത്തനങ്ങൾക്ക് കെ.എം. ആർ എല്ലിന്റെ പൂർണ്ണ പിന്തുണയുണ്ടെന്നും ലോക്നാഥ് ബഹ്റ പറഞ്ഞു ചടങ്ങിൽ ഡോ. ജേക്കബ് അബ്രാഹം അധ്യക്ഷത വഹിച്ചു. മുൻ പ്രസിഡന്റ് ഡോ. സണ്ണി പി. ഓരത്തേൽ സ്ഥാനാരോഹണ ചടങ്ങിന് നേതൃത്വം വഹിച്ചു.

മുൻ പ്രസിഡന്റ് ഡോ. എം.എം.ഹനീഷ് പുതിയ പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവലിനെ സദസിന് പരിചയപ്പെടുത്തി സെക്രട്ടറി ഡോ. സച്ചിൻ സുരേഷ് മുൻവർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഐഎം.എ ഹൗസ് ചെയർമാൻ ഡോ വി. പി കുര്യേയ്പ്പ്, ഐ.എം എ ബ്ലഡ് ബാങ്ക് ചെയർമാൻ ഡോ കെ. നാരായണൻ കുട്ടി, ഐഎം എ ഹൗസ് കൺവീനർ ഡോ. സച്ചിദാനന്ദ കമ്മത്ത്, വുമൺ ഇൻ ഐഎം.എ കൊച്ചി ചെയർപേഴ്സൺ ഡോ. നന്ദിനി നായർ, അരികെ ഹോം കെയർ ചെയർമാൻ ഡോ. എം. ഐ ജുനൈദ് റഹ്മാൻ , ഐഎംഎ കൊച്ചി ട്രഷറർ ഡോ.ബൻസീർ ഹുസൈൻ, മുൻ പ്രസിഡന്റ് ഡോ. എം. വേണുഗോപാൽ തുടങ്ങിയവർ സംസാരിച്ചു.

# തൊഴിൽ സംരക്ഷണം ആവശ്യപ്പെട്ട് കേരള സ്ക്രാപ്പ് മെർച്ചന്റ്‌സ് അസോസിയേഷന്റെ നിയമസഭാ മാർച്ച് ഒക്ടോബർ 8 ന്

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഖര മാലിന്യ നിർമ്മാർജ്ജന പ്രക്രിയയിൽ മുഖ്യ പങ്കാളിത്തം വഹിക്കുന്നവരുടെ സംഘടനയായ കേരളാ സ്ക്രാപ്പ് മെർച്ചന്റ്സ് അസോസിയേഷൻ (കെ എസ് എം എ), അംഗങ്ങളുടെയും, ഒപ്പം ഈ മേഖലയുടെയും നിലനിൽപ്പിന് ആവശ്യമായ അവകാശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി 2025 ഒക്ടോബർ 8 ബുധനാഴ്ച രാവിലെ 10 മണിക്ക് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്തു നിന്നും സംഘടിപ്പിക്കുന്ന തൊഴിൽ സംരക്ഷണ റാലി സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് ആസിഫ് ഉദ്ഘാടനം ചെയ്യും. അവകാശ സംരക്ഷണ പോരാട്ട പ്രഖ്യാപനം സംസ്ഥാന സെക്രട്ടറി കെ പി എ ഷെരീഫ് നിർവഹിക്കും. തുടർന്ന് തിരുവനന്തപുരം ജില്ലയിലെ മുഴുവൻ പ്രവർത്തകരും മറ്റു 13 ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തകരും ഉൾപ്പെടെ 10000 ത്തോളം പേർ അവകാശ പത്രിക സമർപ്പണത്തിനായി നിയമസഭയിലേക്ക് മാർച്ച് ചെയ്യും.

കേരളത്തിൽ മാലിന്യ നിർമ്മാർജന പ്രക്രിയ ആരംഭിച്ച നാൾതൊട്ട് ഈ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തി അത് ഉപജീവനമാക്കിയവരുടെ പിൻമുറക്കാരാണ് ഇന്നും ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെന്നും, കുലത്തൊഴിലെന്നോ, പരമ്പരാഗത വ്യവസായമെന്നോ വിളിക്കാവുന്ന തൊഴിൽ മേഖലയാണ് തങ്ങളുടേതെന്നും കെ എസ് എം എ ഭാരവാഹികൾ തിരുവനന്തപുരത്ത് സംഘടിപ്പിച്ച മാധ്യമ സമ്മേളനത്തിൽ പറഞ്ഞു.

ഖര മാലിന്യ നിർമ്മാർജ്ജന പ്രക്രിയയിൽ മുഖ്യ പങ്കാളിത്തം വഹിക്കുന്നവരുടെ തൊഴിൽ സംരക്ഷണം സർക്കാർ ഉറപ്പു വരുത്തേണ്ടതുണ്ട്. സ്ക്രാപ്പ് ശേഖരിക്കുന്നവർ മുതൽ കമ്പനികൾ നടത്തുന്നവർ വരെ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. ഏകദേശം മൂന്നു ലക്ഷത്തോളം പേരാണ് നിത്യ ജീവിതത്തിന് വേണ്ടി ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. സംസ്ഥാന, കേന്ദ്ര സർക്കാറുകൾക്ക് കോടിക്കണക്കിനു രുപ നികുതിയിനത്തിൽ നൽകുന്ന ഈ മേഖലയിൽ പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് മനുഷ്യരുടെ അവകാശങ്ങളെ അവഗണിക്കുന്ന രീതിയിൽ ഹരിത കർമ സേനയും മലിനീകരണ നിയന്ത്രണ ബോർഡും ഉൾപ്പെടെയുള്ള സർക്കാർ സംവിധാനങ്ങൾ ഈ മേഖലയിലേക്കു നടത്തുന്ന കടന്നു കയറ്റം അവസാനിപ്പിക്കണമെന്നും, ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രയാസങ്ങൾ മുഖവിലക്കെടുത്ത് കൊണ്ട് നാടിന്റെ മാലിന്യ നിർമ്മാർജ്ജന പ്രക്രിയ നടപ്പിലാക്കണമെന്നും കെ എസ് എം എ സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് ആസിഫ്, സംസ്ഥാന സെക്രട്ടറി കെ പി എ ഷെരീഫ് എന്നിവർ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

ഒറ്റത്തവണ നികുതി എന്ന ജി എസ് ടിയുടെ അടിസ്ഥാന തത്വം നിലനിർത്താൻ പാഴ് വസ്തുക്കളെ നികുതിയിൽ നിന്നും പൂർണമായും ഒഴിവാക്കുക.; പരമ്പരാഗതമായി സ്വയം തൊഴിൽ കണ്ടെത്തി നാളിതുവരെ സർക്കാരിൽ നിന്നും ഒരു ആനുകൂല്യവും കൈപ്പറ്റാതെ വ്യാവസായികാടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജനം നടത്തുന്നവരുടെ പ്രവർത്തനത്തെ തടയും വിധമുള്ള നിയമ നിർമ്മാണത്തിൽ നിന്നും അവരെയും സംരക്ഷിക്കും വിധമുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തുക; അസംഘടിത തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന, സ്വയം തൊഴിൽ കണ്ടെത്തി ജീവിക്കുന്ന പാഴ് വസ്തു വ്യാപാരികളുടെ തൊഴിൽ നഷ്ടപ്പെടും വിധം പുന:ചംക്രമണ യോഗ്യമായ വസ്തുക്കൾ ഹരിതകർമ്മസേനക്ക് മാത്രം നൽകണമെന്ന തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നിർദ്ദേശം പിൻവലിക്കുക; തുടങ്ങി നിരവധി ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന തൊഴിൽ സംരക്ഷണ പത്രിക കെ എസ് എം എ സർക്കാരിന് കൈമാറും.

കൂടാതെ, തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേക്ക് ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്താനാവശ്യമായ നടപടി സ്വീകരിക്കുക; ഇമാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും സ്ഥാപനത്തിന്റെ വിസ്തൃതിക്കനുസൃതമായി അനുവാദം നൽകാൻ മലിനീകരണ നിയന്ത്രണ ബോർഡിനു നിർദ്ദേശം നൽകുക; താൽക്കാലിക ഷെഡ്ഡുകളെ സർക്കാർ അനുവാദമുള്ള എം സി എഫ് കേന്ദ്രങ്ങളോ എം ആർ എഫ് കേന്ദ്രങ്ങളോ ആയി അംഗീകരിക്കുക; സ്ക്രാപ്പ് കടകളിൽ പൊതുജനം ഉപേക്ഷിക്കപ്പെടുന്ന റീസൈക്ലിങ്ങിന് യോഗ്യമല്ലാത്ത മാലിന്യങ്ങളെ പൊതു മാലിന്യമായിക്കണ്ട് നീക്കം ചെയ്യാനാവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകുക; കേരളത്തിലെ കെട്ടിട നിർമാണ ചട്ടമനുസരിച്ചു 1000മീറ്റർ സ്ക്വയറോ അതിൽ കൂടുതലോ വിസ്തൃതി ഉള്ള കെട്ടിടങ്ങൾക്ക് ആവശ്യമായ ഫയർ ആൻഡ് സേഫ്റ്റി മാനദണ്ഡങ്ങൾ പാഴ് വസ്തു വ്യാപാരികളുടെ 100മീറ്റർ സ്ക്വയറിൽ താഴെ വരുന്ന കെട്ടിടങ്ങൾക്കും ഒരുക്കണമെന്ന് ആവശ്യപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങളുടെ നിർദ്ദേശം പിൻവലിക്കുക; തുടങ്ങി നിരവധി ആവശ്യങ്ങളും തൊഴിൽ സംരക്ഷണ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



ഐ.എം.എ ബ്ലഡ് ബാങ്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദേശീയ രക്തദാന വാരാചരണ സമ്മേളനം കലൂർ ഐ.എം.എ ഹൗസിൽ എറണാകുളം ജില്ലാ കലക്ടർ ജി. പ്രിയങ്ക ഐ.എ.എസ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. അതുൽ ജോസഫ് മാനുവൽ, ഡോ. രമാ മേനോൻ, ഡോ. കെ. നാരായണൻകുട്ടി, ഡോ. എം. ഐ ജുനൈദ് റഹ്മാൻ, എം. എസ് മുഹമ്മദ് ഹസ്റത്ത്, റോബർട്ട് തോട്ടുപുറം തുടങ്ങിയവർ സമീപം

# രക്തദാനം സമൂഹത്തിന്റെ ഉത്തരവാദിത്വം: ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐ.എ.എസ്

## ഐ.എം.എ ബ്ലഡ് ബാങ്ക് ദേശീയ രക്തദാനവാരാചരണം നടത്തി

**കൊച്ചി:** രക്തദാനം സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നും കൂടുതൽ പേർ രക്തദാനത്തിന് തയ്യാറാകണമെന്നും എറണാകുളം ജില്ലാ കലക്ടർ ജി. പ്രിയങ്ക ഐ.എ.എസ് പറഞ്ഞു. ഐ.എം.എ ബ്ലഡ് ബാങ്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദേശീയ രക്തദാന വാരാചരണ സമ്മേളനം കലൂർ ഐ.എം.എ ഹൗസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കളക്ടർ. രക്തം ദാനം ചെയ്യാൻ സമൂഹത്തിലെ ഒരോ വ്യക്തിയ്ക്കും കടമയുണ്ട്. അത് കൃത്യമായി നിർവ്വഹിക്കാൻ നാം തയ്യാറകണം. കോളജ് പഠനകാലം മുതൽ തന്നെ താൻ രക്തദാനം ചെയ്യുന്നുണ്ട്. അത് ഇപ്പോഴും തുടരുന്നുവെന്നും കളക്ടർ ജി. പ്രിയങ്ക പറഞ്ഞു. ഐ.എം.എ ബ്ലഡ് ബാങ്ക് ചെയർമാൻ ഡോ. കെ. നാരായണൻ കുട്ടി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. രക്തദാനം കാരുണ്യപ്രവർത്തി മാത്രമല്ല ദാതാക്കൾക്ക് ഒട്ടേറെ ആരോഗ്യഗുണങ്ങളും നൽകുന്നതാണെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ പറഞ്ഞു. ഐ.എം.എ ബ്ലഡ് ബാങ്ക് സെക്രട്ടറി ഡോ. എം. ഐ ജുനൈദ് റഹ്മാൻ, മെഡിക്കൽ ഓഫിസർ ഡോ. രമാ മേനോൻ, രക്തദാതാവ് എം. എസ് മുഹമ്മദ് ഹസ്റത്ത്, ക്യാംപ് ഓർഗനൈസർ റോബർട്ട് തോട്ടുപുറം തുടങ്ങിയവർ സംസാരിച്ചു. ഐ.എം.എ ബ്ലഡ് ബാങ്കുമായി സഹകരിച്ച് ഏറ്റവും കൂടുതൽ രക്തദാനം നിർവ്വഹിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഓഫിസുകൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ, കുടുംബങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി 115 ലധികം പുരസ്ക്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു.




# സുഭാഷ് പാർക്കിന് പുതിയ മുഖം

**കൊച്ചി:** സുഭാഷ് ബോസ് പാർക്കിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് കൊച്ചി റിഫൈനറിയുടെ സാമ്പത്തിക സഹായത്തോടെ നവീകരിച്ച ടോയ്‌ലറ്റ് കോംപ്ലക്സിന്റെയും ടോയ്‌ലറ്റിൽ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന മലിനജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കാൻ സാധിക്കുന്ന പ്രകൃതി അധിഷ്ഠിത മലിനജല സംസ്കരണ സംവിധാനത്തിന്റെയും ഉദ്ഘാടനവുംടൂറിസം വകുപ്പിന്റെ സഹകരണത്തോടെ തയ്യാറാക്കുന്ന കുട്ടികൾക്കായുള്ള പുതിയ 'ഇന്ററാക്റ്റീവ് പ്ലേ ഏരിയ' യുടെയും ഓപ്പൺ ജിംനേഷ്യത്തിന്റെയും നിർമ്മാണ ഉദ്ഘാടനവും മന്ത്രി പി.എ മുഹമ്മദ് റിയാസ് നിർവഹിച്ചു.

പാർക്കിൽ നിലവിലുള്ള ടോയ്‌ലറ്റ് കോംപ്ലക്സ് ആധുനിക സംവിധാനങ്ങളോടെ പുനർ സജ്ജീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള പുതിയ മിനി കഫെറ്റീരിയ, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് സംവിധാനം, ഫീഡിങ് റൂം, റീഡിങ് റൂം എന്നിവയാണ് തയ്യാറാക്കിയിട്ടുള്ളത്. പാർക്കിലെ ടോയ്‌ലറ്റിൽ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ മലിനജലവും ശുദ്ധീകരിക്കാൻ ശേഷിയുള്ള നവീനമായ ഒരു പ്രകൃതി അധിഷ്ഠിത സംവിധാനവും ഇതിനോടൊപ്പം തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ തന്നെ ആദ്യമായാണ് ഒരു പാർക്കിൽ ഇത്തരത്തിൽ ഒരു സംവിധാനം തയ്യാറാക്കുന്നത്. മലിനജലം ശുദ്ധീകരിക്കുന്നതിനായി സസ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ഫിൽട്ടർ ബെഡ്, കാർബൺ ഫിൽട്ടർ, സാൻഡ് ഫിൽട്ടർ എന്നീ സംവിധാനങ്ങൾ അടങ്ങുന്നതാണ് ഈ മലിനജല ശുദ്ധീകരണ സംവിധാനം. ഇതിലൂടെ ശുദ്ധീകരിക്കുന്ന ജലം പാർക്കിൽ തന്നെ പുനരുപയോഗിക്കാൻ സാധിക്കും. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് കൊച്ചി റിഫൈനറിയുടെ സാമ്പത്തിക സഹായത്തോടെ മുപ്പത്തിയഞ്ച് ലക്ഷം രൂപ ചിലവഴിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ രണ്ടര കോടി രൂപ ചെലവഴിച്ചാണ് ഭിന്നശേഷിക്കാരായ കുട്ടികൾക്കുൾപ്പെടെ ഉപയോഗിക്കാൻ സാധിക്കുന്ന ഇൻക്റ്റീവ് മാതൃകയിലുള്ള പ്ലേ ഏരിയയും മുതിർന്നവർക്കുള്ള ഓപ്പൺ ജിംനേഷ്യവും തയ്യാറാക്കുന്നത്.

മേയർ അഡ്വ. എം. അനിൽകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ എം.എൽ.എ ടി.ജെ വിനോദ്, ഡെപ്യൂട്ടി മേയർ കെ.എ അൻസിയ എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു.

# ഗ്ലോ കൊച്ചി; ആഘോഷം 18നും 19നും

**കൊച്ചി:** വെളിച്ചവും സംസ്കാരവും സാമൂഹികതയും ചേരുന്ന ഗ്ലോ കൊച്ചി ആഘോഷം 18, 19 തിയ്യതികളിൽ എറണാകുളം രാജേന്ദ്ര മൈതാനിയിൽ നടക്കും. വൈകിട്ട് മൂന്നു മുതൽ രാത്രി 12 വരെയാണ് പരിപാടി നടക്കുക.'ഇല്ലൂമിനേറ്റ് കൊച്ചി' എന്ന പ്രമേയത്തിൽ നടക്കുന്ന ഗ്ലോ കൊച്ചി പരിപാടിയിൽ കുടുംബങ്ങൾ, കലാകാരന്മാർ, വിദ്യാർഥികൾ, ചെറുകിട സംരംഭകർ തുടങ്ങിയവർക്ക് പങ്കെടുക്കാവുന്നതാണ്. എൽ ഇ ഡി വസ്ത്രങ്ങളും ആക്സസറികളും ഉപയോഗിച്ചുള്ള ഗ്ലോ പരേഡ്, കലയും സാങ്കേതികതയും ചേരുന്ന ഇന്ററാക്ടീവ് ലൈറ്റ് ഇൻസ്റ്റലേഷൻസ്, സംഗീതം, നൃത്തം, ഡാൻഡിയ തുടങ്ങിയ നൈറ്റ് എന്റർടെയ്ൻമെന്റുകൾ അടങ്ങി ലൈവ് പെർഫോമൻസ്, ഫെയ്സ് പെയിന്റിങ്, യുവി ഗെയിമുകൾ, ഗ്ലോ ആക്ടിവിറ്റികൾ ഉൾപ്പെടുന്ന കിഡ്സ് ഗ്ലോ സോൺ, ഭക്ഷണശാലകളും ഹാൻഡ്മേഡ് ഉൽപ്പന്നങ്ങളുമുള്ള നൈറ്റ് ബസാറിന്റെ ഫുഡ് ആന്റ് ഫ്ളീ മാർക്കറ്റ്, പ്രതീക്ഷയുടെ സന്ദേശം പ്രകാശിപ്പിക്കുന്ന കമ്യൂണിറ്റി വാൾ ഓഫ് ലൈറ്റ് എന്നിവ ഗ്ലോ കൊച്ചിയിലുണ്ടാവും. 100 രൂപയാണ് ടിക്കറ്റ് ചാർജ്. വിദ്യാർഥികൾക്ക് 50 രൂപയും നാലും പേർ അടങ്ങുന്ന സംഘത്തിന് 250 രൂപയുമാണ് നിരക്ക്.



# ബ്രെയിൻ ഹണ്ട് 2025: ഗിരിനഗർ ഭവൻസ് വിദ്യാമന്ദിർ ചാംപ്യൻ ന്മാർ

**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ക്വീൻ സിറ്റി, സെന്റ് തെരേസാസ് കോളേജ്, എറണാകുളം എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ, ബ്രെയിൻ ഹണ്ട്ന്റെ നാലാം പതിപ്പ് സെന്റ് തെരേസാസ് കോളേജിൽ സംഘടിപ്പിച്ചു.

വിവിധ സ്കൂളുകളിൽ നിന്നുള്ള 60 ടീമുകൾ പ്രിലിമിനറി റൗണ്ടിൽ പങ്കെടുത്തു. ഇതിൽ നിന്നും മികച്ച എട്ട് ടീമുകൾ ഫൈനലിലേക്ക് പ്രവേശിച്ചു. ഫൈനലിൽ, ഭവൻസ് വിദ്യാമന്ദിർ, ഗിരിനഗർ 2025ലെ ചാമ്പ്യന്മാരായി. ഭവൻസ് വിദ്യാമന്ദിർ, എളമക്കര രണ്ടാം സ്ഥാനവും, ചിന്മയ വിദ്യാലയ, വടുതല മൂന്നാം സ്ഥാനവും നേടി. സമാപന സമ്മേളനത്തിൽ വിജയികൾക്കുള്ള സമ്മനങ്ങൾ വിതരണം ചെയ്തു. ഡോ. കെ. ബാബു ജോസഫ്, മുൻ സി.യു.എസ്.എ.ടി വൈസ് ചാൻസലർ, റോട്ടേറിയൻ ബാലഗോപാൽ, റോട്ടറി ഫൗണ്ടേഷൻ ഡിസ്ട്രിക്ട് ചെയർ, സിസ്റ്റർ ടെസ്സ, സെന്റ് തെരേസാസ് ഡയറക്ടർ, റോട്ടേറിയൻ ഡോ. റെൻജു ജോസ് തുടങ്ങിയവർ സംസാരിച്ചു.

റോട്ടേറിയൻ പ്രദീപ് കുമാർ. റോട്ടേറിയൻ പി.ജി.ആർ. നായർ, റോട്ടേറിയൻ രാകേഷ് രാജൻ , റോട്ടേറിയൻ ജിജോ പാലത്തിങ്കൽ തുടങ്ങിയവർ സംസാരിച്ചു.

# കുസാറ്റ് ദീൻ ദയാൽ ഉപദ്ധ്യായ കൗശൽ കേന്ദ്രയുടെ ദശാബ്ധി ആഘോഷം ഒക്ടോബർ 8ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ദീൻ ദയാൽ കൗശൽ കേന്ദ്ര (ഡിഡിയുകെകെ) സ്ഥാപിതമായതിന്റെ ദശാബ്ദി ആഘോഷം ഒക്ടോബർ 8ന് കുസാറ്റ് സെമിനാർ കോംപ്ലെക്സിലെ മിനി സെമിനാർ ഹാളിൽ രാവിലെ 9:30ന് നടക്കും. കുസാറ്റ് വൈസ് ചാൻസലർ ഡോ. എം ജുനൈദ് ബുഷിരി പരിപാടി ഉദ്ഘാടനം ചെയ്യും. നയാരാ എനർജി ലിമിറ്റഡിന്റെ എക്സ്ക്യൂട്ടീവ് ചെയർമാൻ പ്രസാദ്. കെ. പണിക്കർ, മണപ്പുറം ഫിനാൻസ് ലിമിറ്റഡിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ വി. പി. നന്ദകുമാർ എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളാകും.

ആഘോഷത്തിന്റെ ഭാഗമായി ഡിഡിയുകെകെയുടെ ദശാബ്ദി ലോഗോയും സുവനീറും പ്രകാശനം ചെയ്യും. വി. പി. നന്ദകുമാർ എം.വോക് ബാങ്കിങ് ആൻഡ് ഫിനാൻസ് പ്രോഗ്രാമിന്റെ ലോഞ്ചും നിർവഹിക്കും. കുസാറ്റ് രജിസ്ട്രാർ ഡോ. അരുൺ എ. യു ചടങ്ങിൽ അധ്യക്ഷത വഹിക്കും.

# ജില്ലാ തായ്ക്വോണ്ടോ ചാമ്പ്യൻഷിപ്പ്: മികച്ച പ്രകടനവുമായി ടിപ്സ് ഗ്ലോബ്ഡ്യൂക്കേറ്റ്

**കൊച്ചി:** എറണാകുളം ജില്ലാ തായ്ക്കോണ്ടോ ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനവുമായി ദി ഇന്ത്യൻ പബ്ലിക് സ്കൂൾ (ടിപ്സ്) ഗ്ലോബ്ഡ്യൂക്കേറ്റ് കൊച്ചി. തായ്ക്കോണ്ടോ അസോസിയേഷൻ ഓഫ് എറണാകുളം സംഘടിപ്പിച്ച ചാമ്പ്യൻഷിപ്പിൽ മൂന്നു മെഡലുകളാണ് ടിപ്സ് ഗ്ലോബ്ഡ്യൂക്കേറ്റ് നേടിയത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഗവ. സൈബർപാർക്കിൽ 'മിനി ടെക് പാർക്ക്' വരുന്നു

**കോഴിക്കോട് :** മലബാറിലെ സ്റ്റാർട്ടപ്പ്ഐടി ആവാസവ്യവസ്ഥയ്ക്ക് പുതിയ ഉണർവേകി സാൻഡ് ബോക്സ് കമ്പനി ഗവ. സൈബർപാർക്കിൽ മിനി ടെക് പാർക്ക് നിർമ്മിക്കും. കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്(കെഎസ് ടി ഐഎൽ) ൽ നിന്നും സൈബർപാർക്കിലെ ഭൂമി പാട്ടത്തിനെടുത്താണ് 30,000 ചതുരശ്രയടി വിസ്തീർണമുള്ള കെട്ടിടം നിർമ്മിക്കുന്നത്. നിർമ്മാണം പൂർത്തിയാകുമ്പോൾ 600 പേർക്ക് ഒരേസമയം ജോലി ചെയ്യാനുള്ള സൗകര്യം ഇവിടെയുണ്ടാകും. സൈബർപാർക്കിലെ ആദ്യ കൊഡെവലപ്പർ കൂടിയാണ് സാൻഡ് ബോക്സ്.

മലബാർ മേഖലയുടെ സാങ്കേതികവിദ്യ സംരംഭങ്ങളെ ശക്തിപ്പെടുത്താനും കോഴിക്കോടിനെ നൂതന സാങ്കേതിക വിദ്യയുടെ വളരുന്ന കേന്ദ്രമായി അടയാളപ്പെടുത്താനും ലക്ഷ്യമിട്ടുള്ള സുപ്രധാന ചുവടുവയ്പ്പാണിതെന്ന് സൈബർപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ പറഞ്ഞു. ഗ്ലോബൽ കേപബിലിറ്റി സെന്റർ (ജിസിസി) മേഖലയിൽ സംസ്ഥാനം കുതിച്ചു ചാട്ടം നടത്താൻ തയ്യാറെടുത്തിരിക്കുന്ന പശ്ചാത്തലത്തിൽ ഐടി അടിസ്ഥാന സൗകര്യങ്ങൾക്ക് ഏറെ പ്രധാന്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഗവ. സൈബർപാർക്കിൽ കൊഡെവലപ്പിംഗിനുള്ള സാധ്യത പ്രയോജനപ്പെടുത്താനായതിൽ അതീവ സന്തോഷമുണ്ടെന്ന് സിഒഒ വിവേക് നായർ പറഞ്ഞു. ഐടി ഇടങ്ങൾക്കൊപ്പം സ്റ്റാർട്ടപ്പ് ഇൻകുബേഷൻ സംവിധാനവും ഇവിടെ ഒരുങ്ങുന്നുണ്ട്. സ്റ്റാർട്ടപ്പ് മിഷന്റെ കാമ്പസ് നിലവിൽ ഗവ. സൈബർപാർക്കിൽ പ്രവർത്തിക്കുന്നുണ്ട്. മിനി ടെക്പാർക്ക് യാഥാർഥ്യമാകുന്നതോടെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയ്ക്കും ഇത് മുതൽക്കൂട്ടാകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. നൂതനമായ തൊഴിലിടങ്ങൾ, സ്മാർട്ട് ഇൻഫ്രാസ്ട്രക്ചർ എന്നിവ സംയോജിപ്പിച്ചു കൊണ്ട് സ്വയംപര്യാപ്തമായ മൈക്രോ ഐടി ഹബ്ബാണ് മിനി ടെക് പാർക്ക് ഒരുക്കുന്നതെന്ന് സാൻഡ് ബോക്സിന്റെ സ്ഥാപകനും സിഇഒയുമായ അഹമ്മദ് ഷാമിൽ പറഞ്ഞു. സ്റ്റാർട്ടപ്പുകൾ, എസ്.എം.ഇകൾ, ഐടി കമ്പനികൾ എന്നിവയുടെ ആവശ്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്താൻ കഴിയുന്ന ഫ്ലെക്സിബിൾ വർക്ക്സ്പേസുകളായിരിക്കും ഇവിടെ ഉണ്ടാകുന്നത്. വർക്ക് സ്പേസുകൾക്ക് പുറമെ ജിസിസി കമ്പനികൾ, ഐടി സ്ഥാപനങ്ങൾ എന്നിവയ്ക്കായി പ്രീമിയം സൗകര്യങ്ങളും ഇവിടെയുണ്ടാകും. എഐ സാങ്കേതികവിദ്യയുൾപ്പെടെ അടിസ്ഥാനമാക്കിയുള്ള സ്മാർട്ട് വർക്ക് സ്പേസുകളായിരിക്കും ഇവിടെ ഒരുക്കുന്നത്. ശൈശവ ദശയിലുള്ള സ്റ്റാർട്ടപ്പുകൾക്ക് ധനപരമായ പിന്തുണ, വിദഗ്ധോപദേശം എന്നിവ നൽകുന്ന ഇൻകുബേഷൻ സെന്റർ ഇവിടെ പ്രവർത്തിക്കുമെന്ന് ഷാമിൽ ചൂണ്ടിക്കാട്ടി. എച് ആർ, മാർക്കറ്റിംഗ്, ധനകാര്യ മാനേജ്മെന്റ് എന്നിവ ഉൾപ്പെടുന്ന സമഗ്രമായ പിന്തുണയും ഫണ്ടിംഗിനുള്ള പ്രവേശനവും ഇവിടെ ലഭിക്കും. മലബാറിലെ സ്റ്റാർട്ടപ്പുകൾക്ക് ഒരു ലോഞ്ച്പാഡായും ഇത് പ്രവർത്തിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്.

വിവിധ കമ്പനികൾ തമ്മിലുള്ള സഹകരണ ചർച്ചകൾ ആശയരൂപീകരണത്തിനായുള്ള പൊതുയിടം, സർഗ്ഗാത്മക ഇടങ്ങൾ എന്നിവയും പുതിയ സംവിധാനത്തിലുണ്ടാകും. ജോലിയുടെ പിരിമുറുക്കം കുറയ്ക്കുന്നതിനായുള്ള വിനോദയിടങ്ങൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന കോഫീ ഷോപ്പ്, ബ്രേക്ക് ഔട്ട് സ്പേസ് തുടങ്ങിയവയും ഇവിടെയുണ്ടാകും.ഇന്നൊവേഷൻ ഉച്ചകോടികൾ, സ്റ്റാർട്ടപ്പ് പ്രദർശനങ്ങൾ, വർക്ക്ഷോപ്പുകൾ, ടെക് ഫോറങ്ങൾ എന്നിവ സംഘടിപ്പിക്കാനുള്ള വേദിയാകും മിനി ഐടി പാർക്ക്. ഐടി മേഖലയിലെ ആഗോള പ്രതിഭകളെ കോഴിക്കോട്ടേക്ക് ആകർഷിക്കാനും അതുവഴി നഗരത്തിന്റെ വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യും.



# പുതുക്കിയ ഡിസൈനും മെച്ചപ്പെട്ട സൗകര്യങ്ങളുമായി മഹീന്ദ്രയുടെ പുതിയ ഥാർ വിപണിയിൽ

**കൊച്ചി:** രാജ്യത്തെ മുൻനിര എസ്യുവി നിർമ്മാതാക്കളായ മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡ് പുതിയ ഥാറിൻറെ ഫേസ്ലിഫ്റ്റ് മോഡൽ പുറത്തിറക്കി. 9.99 ലക്ഷം രൂപ മുതലാണ് പ്രാരംഭ വില. പുതിയ ഡിസൈൻ, അത്യാധുനിക സൗകര്യങ്ങൾ, സ്മാർട്ട് സാങ്കേതികവിദ്യ എന്നിവയോടു കൂടിയ ഈ എസ്യുവി നഗര യാത്രകൾ കൂടുതൽ സുഖപ്രദമാക്കാനും സാഹസിക യാത്രകളെ പുതിയ തലത്തിലേക്ക് ഉയർത്താനുമാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പുതിയ ഥാറിലെ വ്യത്യസ്തമായ ഫ്രണ്ട് ഗ്രിൽ, ഡ്യുവൽടോൺ ഫ്രണ്ട് ബമ്പർ, ആർ18 അലോയ് വീലുകൾ എന്നിവ വാഹനത്തെ ശ്രദ്ധേയമാക്കുന്നു. ഉൾഭാഗത്തെ പുതിയ കറുത്ത തീമിലുള്ള ഡാഷ്ബോർഡും പുതിയ സ്റ്റിയറിംഗ് വീലും ഇൻറീരിയറിനെ മികച്ചതാക്കുന്നു. ടാംഗോ റെഡ്, ബാറ്റിൽഷിപ്പ് ഗ്രേ എന്നീ രണ്ട് പുതിയ നിറങ്ങൾ ഉൾപ്പെടെ ആറ് ആകർഷകമായ കളർ ഓപ്ഷനുകളിൽ പുതിയ ഥാർ ലഭ്യമാണ്.

രണ്ടാം നിരയിലെ യാത്രക്കാർക്ക് സുഖകരമായ യാത്ര ഉറപ്പാക്കാൻ റിയർ എസി വെൻറുകളുണ്ട്. ഡോറിൽ ഘടിപ്പിച്ച പവർ വിൻഡോ സ്വിച്ചുകളും പുതിയ റിയർ വ്യൂ ക്യാമറയും ഡ്രൈവിംഗ് എളുപ്പമാക്കുന്നു. അകത്ത് നിന്ന് പ്രവർത്തിപ്പിക്കാവുന്ന ഫ്യൂവൽ ലിഡ് ഇന്ധനം നിറയ്ക്കുന്നത് എളുപ്പമാക്കുന്നു. പുതിയ ഥാറിൽ 26.03 സെൻറീമീറ്റർ വലുപ്പമുള്ള എച്ച്ഡി ഇൻഫോടെയ്ൻമെൻറ് സ്ക്രീനുണ്ട്. ഇതിൽ ആൻഡ്രോയിഡ് ഓട്ടോ, ആപ്പിൾ കാർപ്ലേ എന്നിവയ്ക്കൊപ്പം ടൈപ്പ്സി യുഎസ്ബി പോർട്ടുകളുമുണ്ട്. വിവിധതരം ഡ്രൈവിംഗ് അനുഭവങ്ങൾക്കായി 6സ്പീഡ് മാനുവൽ ട്രാൻസ്മിഷൻ, 6സ്പീഡ് ടോർക്ക് കൺവെർട്ടർ ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ പോലുള്ള മൾട്ടിപ്പിൾ ട്രാൻസ്മിഷനുകളോടൊപ്പം റിയർവീൽ ഡ്രൈവ്, 4X4 കോൺഫിഗറേഷനുകളിലും മഹീന്ദ്ര വ്യത്യസ്ത എഞ്ചിൻ ഓപ്ഷനുകൾ ലഭ്യമാക്കുന്നു.

# പ്രീമിയർ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** വെൽഡിംഗ് കൺസ്യൂമബിൾസ് വ്യവസായത്തിന് ആവശ്യമായ പൗഡറുകളുടെയും വയറുകളുടെയും നിർമാതാക്കളായ പ്രീമിയർ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.10 രൂപ മുഖവിലയുള്ള 27,900,000 ഇക്വിറ്റി ഓഹരികളാണ് ഐപിഒയ്ക്ക് എത്തിക്കുന്നത്. ഇതിൽ 22,500,000 പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 5,400,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 30 കോടി രൂപയുടെ പ്രീഐപിഒ പ്ലേസ്മെൻറും കമ്പനിയുടെ പരിഗണനയിലുണ്ട്. യൂണിസ്റ്റോൺ ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# കോമ്ടെൽ നെറ്റ് വർക്ക്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** അതിപ്രധാന അടിസ്ഥാന സൗകര്യങ്ങൾക്കായി സംയോജിത ടെലികമ്മ്യൂണിക്കേഷൻ, സുരക്ഷ (ഐടിഎസ്എസ്) സംവിധാനങ്ങൾ രൂപകൽപ്പന ചെയ്യുന്നതിലും നിർമ്മിക്കുന്നതിലും നടപ്പിലാക്കുന്നതിലും വൈദഗ്ദ്ധ്യം നേടിയ കോമ്ടെൽ നെറ്റ് വർക്ക്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. എണ്ണ, വാതകം, ഊർജ മേഖലകളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കമ്പനി ഐപിഒയിലൂടെ 900 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. 150 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള ഓഹരി ഉടമകളുടെയും 750 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇക്വിറസ് കാപ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ഡിഎഎം ക്യാപ്പിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.



# ആകാശ് എജ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ് ഇന്ത്യൻ സൈന്യവുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു

**ന്യൂദൽഹി:** മുൻനിര ടെസ്റ്റ് പ്രിപ്പറേറ്ററി സേവനദാതാക്കളായ ആകാശ് എജ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ് (എഇഎസ്എൽ), സൈനിക ഉദ്യോഗസ്ഥരുടെയും അവരുടെ കുടുംബങ്ങളുടെയും ക്ഷേമം ഉറപ്പാക്കുന്നതിനായി ഇന്ത്യൻ സൈന്യവുമായി ഒരു ധാരണാപത്രം (എംഒയു) ഒപ്പുവച്ചു.

സേവനമനുഷ്ഠിക്കുന്നവർ, വിരമിച്ചവർ, ധീരതാ അവാർഡ് ജേതാക്കൾ, വൈകല്യമുള്ളവർ, സേവനത്തിൽ മരിച്ചവരുടെ കുടുംബങ്ങൾ എന്നിവരുൾപ്പെടെ എല്ലാവരെയും ഉൾക്കൊള്ളുന്നതാണിത്.

ഇന്ത്യൻ ആർമിയിലെ അസിസ്റ്റന്റ് അഡ്ജുറ്റന്റ് ജനറൽ( സെറിമോണിയൽ & വെൽഫെയർ 3&4), എഇഎസ്എൽ ഡൽഹിഎൻസി ആർ ചീഫ് അക്കാദമിക് & ബിസിനസ് ഹെഡ് ഡോ.യഷ് പാൽ എന്നിവർ കരാറിൽ ഒപ്പുവച്ചു.20%ൽ കൂടുതൽ വൈകല്യവും ധീരതാ അവാർഡും ഉള്ള ഉദ്യോഗസ്ഥർക്ക് 100% ട്യൂഷൻ ഫീസ് ഇളവ്, സേവനമനുഷ്ഠിക്കുന്നവർക്കും വിരമിച്ചവർക്കും 20% ട്യൂഷൻ ഫീസ് ഇളവ് (മറ്റ് സ്കോളർഷിപ്പുകൾ കിഴിച്ചതിന് ശേഷം) തുടങ്ങിയ ആനുകൂല്യങ്ങൾ ഈ സഹകരണം വാഗ്ദാനം ചെയ്യുന്നു. പ്രവേശനം തേടുന്ന എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമായ എഇഎസ്എൽന്റെ നിലവിലുള്ള സ്കോളർഷിപ്പ് പ്രോഗ്രാമുകൾക്ക് പുറമേയാണ് ഈ സ്കോളർഷിപ്പുകൾ.

ധാരണാപത്രത്തിന്റെ കാലയളവിൽ, ഇന്ത്യൻ സൈനിക ഉദ്യോഗസ്ഥരുടെ കുട്ടികൾക്ക് സമഗ്രമായ മെന്ററിംഗും കൗൺസിലിംഗും എഇഎസ്എൽ നൽകും. അക്കാദമിക്, കരിയർ സംബന്ധമായ സംശയങ്ങൾ വെർച്ചൽ, ഫിസിക്കൽ പ്ലാറ്റ്ഫോമുകൾ വഴി പരിഹരിക്കും.ഇന്ത്യയിലുടനീളമുള്ള സിആർപിഎഫ് ഉദ്യോഗസ്ഥരുടെ കുട്ടികൾക്കും കുടുംബങ്ങൾക്കും സമഗ്രമായ അക്കാദമിക് പിന്തുണ, സ്കോളർഷിപ്പുകൾ, കരിയർ മാർഗ്ഗനിർദ്ദേശം എന്നിവ നൽകുന്നതിനായി എഇഎസ്എൽ സമീപകാലത്ത് സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ് ഫാമിലി വെൽഫെയർ അസോസിയേഷനുമായി ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചിരുന്നു.




# ഇന്നർ വീൽ സൗത്ത് സോൺ മീറ്റ് 2025 സമാപിച്ചു

**കൊച്ചി:** 'മേളാഞ്ച മർജിങ് മൈൻഡ്സ്, മാഗ്നിഫൈയിങ് മിഷൻസ്' എന്ന വിഷയത്തിൽ ഇന്നർ വീൽ ഡിസ്ട്രിക്റ്റ് 320യുടെ ആഭിമുഖ്യത്തിൽ കൊച്ചി ലെ മെറിഡിയൻ ഹോട്ടലിൽ സംഘടിപ്പിച്ച ഇന്നർ വീൽ സൗത്ത് സോൺ മീറ്റ് 2025 സമാപിച്ചു.പൂയം തിരുനാൾ ഗൗരി പാർവതി ബായി മുഖ്യാതിഥിയായിരുന്നു.വൈക്കം വിജയലക്ഷ്മിയെ 'വുമൺ അച്ചീവർ' അവാർഡ് നൽകി ആദരിച്ചു. എ.പി. ജ്യോതി മഹിപാൽ, ഡോ. ഗംഗാധരൻ, ഡോ. ചിത്രതാര എന്നിവർ ആരോഗ്യ ബോധവത്കരണ സെഷനുകൾ നയിച്ചു. ഡിസ്ട്രിക്റ്റ് ചെയർപേഴ്സൺ സീമ കൃഷ്ണൻ സമാപനപ്രസംഗം നടത്തി. എ.വി.പി. വിനുത ഹരീഷ് നന്ദി പറഞ്ഞു. അസോസിയേഷൻ പ്രസിഡന്റ് ജ്യോതി മഹിപാൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. മുൻ പ്രസിഡന്റ് ഗീത പദ്മനാഭൻ, ഡിസ്ട്രിക്റ്റ് ചെയർപേഴ്സൺ സീമ കൃഷ്ണൻ, സൗത്ത് സോൺ മീറ്റ് ചെയർപേഴ്സൺ ഡോ. മിനി വർമ്മ, കോൺഫറൻസ് ട്രഷറർ വന്ദന ദീപേഷ്, കോൺഫറൻസ് സെക്രട്ടറി ഇന്ദു അമൃതരാജ് എന്നിവർ പങ്കെടുത്തു.




# കൈറ്റ്സ് സീനിയർ കെയർ സെൻറർ കൊച്ചിയിൽ

**കൊച്ചി:**മുതിർന്നവർക്ക് ആശുപത്രിക്ക് പുറത്തുള്ള പരിചരണങ്ങൾ ലഭ്യമാക്കുന്ന രാജ്യത്തെ പ്രമുഖ സ്ഥാപനമായ കൈറ്റ്സ് സീനിയർ കെയറിന്റെ സ്പെഷ്യലൈസ്ഡ് വാർധക്യ പരിചരണ കേന്ദ്രം (ജെറിയാട്രിക് കെയർ സെൻറർ) കൊച്ചിയിൽ പ്രവത്തനം ആരംഭിച്ചു. ലൈഫ് ബ്രിഡ്ജ് ഗ്രൂപ്പിന്റെ സഹ സ്ഥാപനമായ കൈറ്റ്സ് സീനിയർ കെയർ കൊച്ചി സെന്ററിന്റെ ഉദ്ഘാടനം മന്ത്രി പി. രാജീവ് നിർവ്വഹിച്ചു. ജനസംഖ്യയുടെ 16.5 ശതമാനവും 60 വയസ്സിന് മുകളിലുള്ള കേരളംപോലുള്ളൊരു സംസ്ഥാനത്ത് ഇത്തരത്തിലുള്ളൊരു സ്ഥാപനം ആരംഭിക്കുന്നത് വർധക്യത്തിലെത്തിയവർക്കുള്ള ശുശ്രൂഷകളുടെ ശേഷി വർദ്ധിക്കാൻ ഇടയാകുമെന്നതിൽ സംശയമില്ലെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. തൃക്കാക്കര മുനിസിപ്പൽ ചെയർപേഴ്സൺ രാധാമണി പിള്ള, കൗൺസിലർമാരായ എം കെ. ചന്ദ്രബാബു, സി സി വിജു, അസറ്റ് ഹോംസ് എംഡി വി. സുനിൽ കുമാർ, ഗൈഡ് ഹോൾഡിംഗ്സ് പാർട്ണർ ഡോ. ടി. വിനയകുമാർ. ലൈഫ് ബ്രിഡ്ജ് ഗ്രൂപ്പ് സഹസ്ഥാപകനും ഡയറക്ടറും ഗ്രൂപ്പ് സിഇഒയുമായ രാജഗോപാൽ ജി, ഗ്രൂപ്പ് സഹസ്ഥാപകയും സി ഒ ഒ യുമായ ഡോ. രീമ നാദിഗ് എന്നിവർ പ്രസംഗിച്ചു. സീപോർട്ട്എയർപോർട്ട് റോഡിൽ കാക്കനാട് സ്ഥിതി ചെയ്യുന്ന 48 കിടക്കകളുള്ള ഈ കേന്ദ്രം ആശുപത്രി വാസത്തിനു ശേഷമുള്ള പുനഃരധിവാസം, പാലിയേറ്റീവ്, റെസ്പൈറ്റ് കെയർ എന്നിവയുൾപ്പെടെ പൂർണ്ണമായ ജെറിയാട്രിക് സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു.

# ടൈറ്റൻ രാഗ ഗ്ലിമ്മേഴ്സ് വാച്ച് ശേഖരം പുറത്തിറക്കി

**കൊച്ചി:** ടൈറ്റൻ രാഗ ഗ്ലിമ്മേഴ്സ് വാച്ചുകളുടെ ശേഖരം വിപണിയിലവതരിപ്പിച്ചു. ഗ്ലിമ്മേഴ്സ് വാച്ച് ശേഖരത്തെ വേറിട്ടു നിർത്തുന്നത് അതിന്റെ ശിൽപകലാപരമായ രൂപകൽപ്പനാ ശൈലിയാണ്. ഓരോ വാച്ചും ചലിക്കുന്ന ഒരു രത്നം പോലെ തോന്നുന്നവയാണ്. നിഴൽച്ചിത്രങ്ങളിൽ നിന്നും വാസ്തുവിദ്യാകലയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് നിർമ്മിച്ച ഗ്ലിമ്മേഴ്സ് വാച്ച് ശേഖരത്തിൽ കോച്ചർ ചാരുതയിലുള്ള ബോ ആകൃതിയിലുള്ള കേസുകൾ, ഒരുപോലെയല്ലാത്ത റിവേഴ്സിബിൾ ഡയലുകൾ, ചതുരാകൃതിക്കൊപ്പം വളവുള്ളതുമായ രൂപം, കൈത്തണ്ടയിൽ കവിത പോലെ തിളങ്ങുന്ന ക്രിസ്റ്റൽസ്റ്റഡ് ബ്രേസ്ലെറ്റുകൾ എന്നിവ ഉൾപ്പെടുന്നുവെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡിലെ ടൈറ്റൻ വാച്ചസ് ആന്റ് രാഗയുടെ മാർക്കറ്റിംഗ് ഹെഡ് അപർണ രവി പറഞ്ഞു. 216 പിങ്ക്, മൗവ് നിറങ്ങളിലും വൈറ്റ് സ്റ്റോണിലും മിന്നിത്തിളങ്ങുന്നതും ചലിക്കുന്ന ബെസൽ, റോസ് ഗോൾഡ് ബാർക്ക്ഫിനിഷ് സ്ട്രാപ്പ് എന്നിവയാൽ മനോഹരമാക്കപ്പെട്ടതുമാണ് ഗ്ലിമ്മേഴ്സ് ശേഖരത്തിലെ റേഡിയന്റ് ഹാർട്ട് വാച്ച്. ക്ലാസിക് ബോ മോട്ടിഫിനെ 274 മിന്നുന്ന കല്ലുകൾ സജ്ജീകരിച്ച ഒരു കോച്ചർപ്രചോദിത വാച്ചാക്കി മാറ്റുന്നതാണ് സെലസ്റ്റെ ബോ വാച്ച്. ആധുനികമായ ഈ വാച്ച് ആഘോഷത്തിന്റെയും സ്റ്റൈലിന്റെയും പ്രതീകമാണ്. 8,395 രൂപ മുതൽ 28,795 രൂപ വരെ വിലയുള്ള 16 വ്യത്യസ്ത മോഡലുകളാണ് രാഗ ഗ്ലിമ്മേഴ്സ് ശേഖരത്തിലുള്ളത്. എല്ലാ ടൈറ്റൻ ഔട്ട്ലെറ്റുകളിലും titan.co.inൽ ഓൺലൈനായും ഈ വാച്ച് ശേഖരം ലഭ്യമാണ്.




## ആഗ്മോണ്ട് എന്റർ പ്രൈസസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ 24 സംസ്ഥാനങ്ങളിൽ സാന്നിധ്യമുള്ള, വ്യാപാരികൾക്കും ഉപയോക്താക്കൾക്കും സേവനങ്ങൾ ലഭ്യമാക്കുന്ന സംയോജിത സ്വർണ്ണ, വെള്ളി പ്ലാറ്റ്ഫോമായ ആഗ്മോണ്ട് എന്റർ പ്രൈസസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.അഞ്ച് രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരികളുടെ ഐപിഒയിലൂടെ 800 കോടി രൂപ വരെ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 620 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 180 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ്, ഇന്റൻസീവ് ഫിസ്കൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡൈ്വസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## പ്രൈഡ് ഹോട്ടൽസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്നതും രാജ്യത്തെ ആറാമത്തെ ഏറ്റവും വലിയ ഹോട്ടൽ ശൃംഖലയുമായ പ്രൈഡ് ഹോട്ടൽസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. അഞ്ച് രൂപ മുഖവിലയുള്ള 260 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും പ്രമോട്ടർ ഗ്രൂപ്പിന്റെയും 39,239,446 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 52 കോടി രൂപയുടെ പ്രീ ഐപിഒ പ്ലേസ്മെന്റും കമ്പനിയുടെ പരിഗണനയിലുണ്ട്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡൈ്വസേഴ്സ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐ പിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## അകാസ എയർ കോഴിക്കോട് നിന്ന് പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** ഇന്ത്യയിൽ അതിവേഗം വളരുന്ന എയർലൈനായ അകാസ എയർ, കോഴിക്കോട് നിന്ന് മുംബൈയിലേക്ക് ദിവസവും നേരിട്ടുള്ള നാല് ഫ്ളൈറ്റുകളുമായി പ്രവർത്തനം ആരംഭിച്ചു. 2025 ഒക്ടോബർ ഒന്നിന് ആദ്യ ഫ്ളൈറ്റ് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് 19.55 ന് പുറപ്പെട്ട് മുംബൈയിലെ ഛത്രപതി ശിവാജി മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ 21.40 ന് എത്തി. ഈ റൂട്ട് കേരളത്തിലെ അകാസയുടെ സാന്നിധ്യം ശക്തിപ്പെടുത്തുകയും മലബാർ മേഖലയിലേക്കുള്ള യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം നൽകുകയും ചെയ്യുന്നു.

## സ്റ്റെർലൈറ്റ് ഇലക്ട്രിക് ലിമിറ്റഡ് ഐപിഒയ്ക്ക്

**മുംബൈ:** വേദാന്ത ഗ്രൂപ്പിന്റെ ഭാഗമായ, മുമ്പ് സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ് എന്നറിയപ്പെട്ടിരുന്ന സ്റ്റെർലൈറ്റ് ഇലക്ട്രിക് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.15,589,174 ഇക്വിറ്റി ഓഹരികളാണ് ഐപിഒയ്ക്ക് എത്തിക്കുന്നത്. ഇതിൽ 7,793,371 പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള ഓഹരിഉടമകളുടെയും 7,795,803 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡൈ്വസേഴ്സ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ജെറായി ഫിറ്റ്നസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** മൂന്ന് പതിറ്റാണ്ടായി ഫിറ്റ്നസ് ഉപകരണ നിർമാണ മേഖലയിലുള്ള ജെറായി ഫിറ്റ്നസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. പ്രമോട്ടർമാരുടെയും പ്രമോട്ടർ ഗ്രൂപ്പിന്റെയും പത്ത് രൂപ മുഖവിലയുള്ള 4,392,500 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. എംകെ ഗ്ലോബൽ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, കാറ്റലിസ്റ്റ് ക്യാപിറ്റൽ പാർട്ണേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഫാബ് അക്കാദമി ബിരുദദാന ചടങ്ങ് നടന്നു

**കൊച്ചി:** ലോകത്ത് അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന സർഗാത്മക സമ്പദ് വ്യവസ്ഥയുടെ ഗുണഫലം നേടാൻ കേരളത്തിലെ സാങ്കേതികപ്രവർത്തകർ ശ്രമിക്കണണെന്ന് കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക പറഞ്ഞു. കളമശേരിയിലെ കേരള സ്റ്റാർട്ടപ്പ് മിഷൻ കാമ്പസിലുള്ള ഫാബ് ലാബിന്റെ 2025 ലെ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതിക പ്രവർത്തകരും സർഗാത്മക സമൂഹവും രണ്ട് വ്യത്യസ്ത ധ്രുവങ്ങളിലാണെന്ന ധാരണ സമൂഹത്തിനുണ്ടായിരുന്നു. എന്നാൽ സർഗാത്മകതയിലാണ് ഇന്ന് ഏറ്റവുമധികം സാങ്കേതികപ്രവർത്തകർ ഉൾപ്പെട്ടിട്ടുള്ളത്. സർഗാത്മകതയിലേക്ക് നൂതന സാങ്കേതികവിദ്യ സമന്വയപ്പിച്ചതോടെ അനന്തമായ സാധ്യതകളാണ് ഇരു മേഖലകളിലും വന്നിട്ടുള്ളതെന്ന് സിഇഒ പറഞ്ഞു. 200 ബില്യൺ ഡോളറാണ് ഈ മേഖലയുടെ മൂല്യം. ഇത് പരമാവധി ഉപയോഗപ്പെടുത്താൻ ഫാബ് ബിരുദധാരികൾക്ക് സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു. എബിൻ മാത്യു, ആകാശ് എടമന, ആൻസി റോഷൻ, ആശിഷ് ജോയ്, നമിത അരവിന്ദ്, നോയൽ സജി, രവിശങ്കർ എസ് എന്നിവരാണ് ഇക്കൊല്ലം ഫാബ് ലാബിൽ നിന്നും ബിരുദം കരസ്ഥമാക്കിയത്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ഡിജിറ്റൽ ഫാബ്രിക്കേഷൻ സാങ്കേതികവിദ്യയും 'മേക്കർ' സംസ്കാരവും പ്രോത്സാഹിപ്പിക്കാൻ പ്രവർത്തിക്കുന്ന പ്രധാന സംരംഭമാണ് ഫാബ് ലാബ് കേരള. ത്രിഡി പ്രിന്ററുകൾ, ലേസർ കട്ടറുകൾ, മറ്റ് നൂതന നിർമ്മാണ ഉപകരണങ്ങൾ എന്നിവയുൾപ്പെടെ അത്യാധുനിക സൗകര്യങ്ങൾ ഈ ലാബുകളിൽ ലഭ്യമാണ്. വിദ്യാർത്ഥികൾ, സംരംഭകർ, ഗവേഷകർ എന്നിവർക്ക് തങ്ങളുടെ ആശയങ്ങൾ പ്രായോഗിക ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള വേദിയാണിത്. ഫാബ് അക്കാദമിയുടെ 2026 ലേക്കുള്ള അഡ്മിഷനും ആരംഭിച്ചിട്ടുണ്ട്.

# ലൈറ്റ് ടു ലൈഫ് മൈത്രി അവാർഡ് പി. രാമചന്ദ്രന്

കൊച്ചി: മതസൗഹാർദ്ദവും മാനവ മൈത്രിയും പ്രോത്സാഹിപ്പിക്കുന്നവർക്കായി തിരുവല്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്ലോറിയ ന്യൂസും ലൈറ്റ് ടു ലൈഫ് ചാരിറ്റബിൾ ഫൗണ്ടേഷനും ചേർന്ന് നൽകുന്ന ലൈറ്റ് ടു ലൈഫ് മൈത്രി അവാർഡിന് കൗൺസിൽ ഫോർ കമ്മ്യൂണിറ്റി കോഓപ്പറേഷൻ (സിസിസി)ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ അർഹനായി. എറണാകുളം കരയോഗം ജനറൽ സെക്രട്ടറിയാണ് രാമചന്ദ്രൻ. കത്തോലിക്കാ ബാവ മാർത്തോമാ മാത്യൂസ് തൃതീയൻ അവാർഡ് സമ്മാനിച്ചു. ചടങ്ങിൽ സിസിസി ചെയർമാൻ ഡോ. പി മുഹമ്മദാലി (ഗൾഫാർ), ഡോ. യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത, മുൻ കേന്ദ്രമന്ത്രി പ്രൊഫ. പി. ജെ കുര്യൻ തുടങ്ങിയവർ പങ്കെടുത്തു.

# ബിഎസ്എൻഎൽ ഭാരത് ടെലികോം സ്റ്റാക്ക് അവതരിപ്പിച്ചു

**കൊച്ചി:** ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (ബിഎസ്എൻഎൽ), ടാറ്റ കൺസൾട്ടൻസി സർവീസസുമായും സി ഡോട്ടുമായും തേജസ് നെറ്റ് വർക്ക്സുമായും സഹകരിച്ച് ഭാരത് ടെലികോം സ്റ്റാക് അവതരിപ്പിച്ചു. തദ്ദേശീയമായി വികസിപ്പിച്ച ഇതിലൂടെ 26,700ൽ ഏറെ ഗ്രാമങ്ങളിലാണ് 4 ജി ശൃംഖല ലഭ്യമാക്കുന്നത്. 4ജിയും അതിനു മുകളിലും ഉള്ള സംവിധാനങ്ങൾ ലഭ്യമാക്കാനുള്ള സ്വാശ്രയ, തദ്ദേശീയ ടെലകോം സാങ്കേതികവിദ്യയുള്ള അഞ്ചാമത്തെ രാജ്യമായി ഇതോടെ ഇന്ത്യ മാറിയിരിക്കുകയാണ്. ഡാറ്റ സെൻററുകൾ സ്ഥാപിക്കുകയും സി ഡോട്ടിന്റെ ഇപിസി കോർ ആപ്ലിക്കേഷൻ, തേജസിന്റെ ബേസ് സ്റ്റേഷനുകൾ, ഒരു ലക്ഷത്തിലേറെ സൈറ്റുകളിലെ റോഡിയോ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ കമ്മീഷൻ ചെയ്യുകയും വഴിയാണ് ടിസിഎസ് ഇതു നടപ്പാക്കിയത്. ബിഎസ്എൻഎല്ലിന്റെ നിലവിലുള്ള 2ജി, 3ജി ശൃംഖല പൂർണമായി സംയോജിപ്പിച്ച് രണ്ടു വർഷം കൊണ്ടാണ് ഇതു പൂർത്തിയാക്കിയത്. രാജ്യത്തിന് അഭിമാനകരമായ ഒരു നേട്ടമാണ് തങ്ങൾ ആഘോഷിക്കുന്നതെന്ന് ബിഎസ്എൻഎൽ സിഎംഡി എ റോബർട്ട് ജെ. രവി പറഞ്ഞു. ടിസിഎസ്, തേജസ് നെറ്റ് വർക്ക്, സി. ഡോട്ട് എന്നിവയുടെ സഹകരണത്തിന്റെ ശക്തിയിലാണ് തങ്ങൾ തദ്ദേശീയമായ 4ജി ശൃംഖല പുറത്തിറക്കിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യയുടേതായ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ നിർമിക്കാനും രാജ്യത്തിന്റെ ഡിജിറ്റൽ പ്രതീക്ഷകൾക്ക് തുടർച്ചയായി പിന്തുണ നൽകാനുമുള്ള ടിസിഎസിന്റെ പ്രതിബദ്ധതയാണ് ഇതിലൂടെ ദൃശ്യമാകുന്നതെന്ന് ടിസിഎസ് ടെലികോം സ്ട്രാറ്റജിക് ഇനീഷിയേറ്റീവ്സ് അഡ്വൈസറും തേജസ് നെറ്റ് വർക്ക്സ് ചെയർമാനുമായ എൻ. ഗണപതി സുബ്രമണിയൻ പറഞ്ഞു.




# ടൈ കേരള യൂണിവേഴ്സിറ്റി പ്രോഗ്രാം: വാഴയൂർ സാഫി ഇൻസ്റ്റിറ്റ്യൂട്ട് ജേതാക്കൾ

**കൊച്ചി:** ടൈ ഗ്ലോബലിന്റെ ആഭിമുഖ്യത്തിൽ ടൈ കേരള സംഘടിപ്പിച്ച ടൈ യൂണിവേഴ്സിറ്റി പ്രോഗ്രാം 2025 കേരള ചാപ്റ്റർ പിച്ച് കോംപറ്റിഷൻ വിജയികളെ പ്രഖ്യാപിച്ചു. സംസ്ഥാനത്തെ കോളേജുകളിൽ നിന്നുള്ള വിദ്യാർഥി സംരംഭകരെ സ്റ്റാർട്ടപ്പുകളിലൂടെ ഉയർത്തികൊണ്ടുവരാൻ ലക്ഷ്യമിട്ട് മാനേ കാൻ കോർ ഇൻഗ്രീഡിയൻസിന്റെ സഹകരണത്തോടെയാണ് ടൈ യൂണിവേഴ്സിറ്റി കേരള ചാപ്റ്റർ പിച്ച് കോമ്പറ്റിഷൻ നടത്തിയത്.

മലപ്പുറം വാഴയൂർ സാഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ മുഹമ്മദ് അബ്ദുൽ ഗഫൂറിന്റേയും ഹിബാ ഫാത്തിമയുടേയും സ്റ്റാർട്ടപ്പ് ഫിക്സിറ്റ് ഒന്നാം സ്ഥാനം നേടി. അലൻ തോമസ് ഷാജി, അദ്വൈദ് മനോജ്, അഭിഷേക് പി അനിൽ എന്നിവരുടെ ക്യാഷ്ക്രോ രണ്ടാം സ്ഥാനവും ആഷിക് ജോയ്, അവിനാഷ് വിനോദ്, അലൻ ജോഫി, ഫഹ ഫാത്തിമ, നകുൽ, ഐബൽ, അയ്യപ്പദാസ്, സാം റൂബൻ എബ്രഹാം എന്നിവരുടെ സ്റ്റാർട്ടപ്പ് വെർബ്ബീ മൂന്നാം സ്ഥാനവും നേടി. വിജയികൾക്ക് സ്റ്റാർട്ടപ്പ് സീഡ് ഫണ്ടിങ്ങാണ് ടൈ സമ്മാനമായി നൽകുന്നത്.

സംസ്ഥാനത്തെ നാൽപതിലധികം കോളേജുകളിൽ നിന്നും 105 അപേക്ഷകളാണ് ലഭിച്ചത്. ഹെൽത്ത്ടെക്, അഗ്രിടെക്, എഡ്ടെക്, ഫുഡ്ടെക്, കൺസ്യൂമർ ഉത്പന്നങ്ങളും സേവനങ്ങളും, എന്റർപ്രൈസ് ടെക്നോളജി, പരിസ്ഥിതി തുടങ്ങിയ മേഖലകളിൽ പുതുമകൾ അവതരിപ്പിച്ച് വിദ്യാർഥി സ്റ്റാർട്ടപ്പ് ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. ഫൈനലിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പത്തു ടീമുകൾക്ക് ടൈ അംഗങ്ങളുടെ മെന്ററിംഗ് ഉറപ്പുവരുത്തിയിരുന്നു.

കേരള ഏയ്ഞ്ചൽ നെറ്റ്വർക്ക് പ്രസിഡണ്ടും നെക്സ്റ്റ് എജ്യുക്കേഷൻ ഇന്ത്യ സഹസ്ഥാപകനും ചീഫ് ഫിനാൻഷ്യൽ ഓഫീസറുമായ രവീന്ദ്രനാഥ് കാമത്ത്, റോയ് വർഗീസ് ആൻഡ് അസോസിയേറ്റ് മാനേജിംഗ് പാർട്ണർ റോയ് ഐ വർഗീസ്, കേരള ഏയ്ഞ്ചൽ നെറ്റ്വർക്ക് സ്ഥാപക പ്രസിഡണ്ടും എം എൻ ഹോൾഡിംഗ്സ് ചെയർമാനുമായ അജിത് എ മൂപ്പൻ എന്നിവരടങ്ങിയ ജൂറിയാണ് വിജയികളെ തിരഞ്ഞെടുത്തത്.

കലൂർ ഐ എം എ ഹൗസിൽ നടന്ന ചടങ്ങിൽ ടൈ കേരളാ പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ്, ടൈ യൂണിവേഴ്സിറ്റി ചെയർപേഴ്സനും ടീം വൺ അഡ്വർടൈസിങ് മാനേജിങ് ഡയറക്ടറുമായ വിനോദിനി സുകുമാർ, ടൈ കേരളാ എക്സിക്യൂട്ടീവ് ഡയറക്ടർ ദിവ്യ തലക്കലാത്ത്, കാൻകോർ എച്ച് ആർ വൈസ് പ്രസിഡന്റ് മാർട്ടിൻ ജേക്കബ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു. ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വിദ്യാർഥികൾ 2026 ജനുവരി നാലു മുതൽ ആറുവരെ ജയ്പൂരിൽ നടക്കുന്ന ടൈ ഗ്ലോബൽ സമ്മിറ്റിൽ കേരളത്തെ പ്രതിനിധീകരിക്കുമെന്ന് ടൈ കേരളാ ഭാരവാഹികൾ അറിയിച്ചു.

